ഖുത്ബ
6.7.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# മുഅ്മിൻ

هُوَ اللّٰهُ الَّذِیۡ لَاۤ اِلٰهَ اِلَّا هُوَ ۚ اَلۡمَلِکُ الۡقُدُّوۡسُ السَّلٰمُ الۡمُؤۡمِنُ الۡمُهَیۡمِنُ الۡعَزِیۡزُ الۡجَبَّارُ الۡمُتَکَبِّرُ ؕ سُبۡحٰنَ اللّٰهِ عَمَّا یُشۡرِکُوۡنَ ﴿۲۴﴾

**അ**വനാണ് അല്ലാഹു. അവനല്ലാതെ ഒരാരാധ്യനുമില്ല. മഹാരാജാവും പരമപരിശുദ്ധനും സമാധാന സമ്രാട്ടും അഭയം നല്കുന്നവനും രക്ഷാപരിപാലകനും പ്രതാപവാനും അലങ്കോലമായ പ്രവൃത്തി പൂർവ്വസ്ഥിതിയിലാക്കുന്നവനും മഹാപ്രഭാവനുമാണവൻ. അവർ പങ്കുചേർക്കുന്നതിൽനിന്ന് അല്ലാഹു എത്രയും പരിശുദ്ധൻ (59:24).

അല്ലാഹുവിന്റെ ഒരു നാമം 'മുഅ്മിൻ' എന്നാണെന്ന് ഈ വചനത്തിൽനിന്ന് വ്യക്തമാകുന്നു. ഞാൻവായിച്ചുകേൾപ്പിച്ച തർജമയിൽ 'മുഅ്മിൻ' എന്നതിന് 'അഭയം നല്കുന്നവൻ' എന്നാണ് തർജമ ചെയ്തിട്ടുള്ളത്. ഓരോ മനുഷ്യന്റേയും വ്യക്തിപരമായ രക്ഷയും, സമൂഹത്തിന്റെ രക്ഷയും ലോകത്തിന്റെ രക്ഷയും രക്ഷനല്കുന്നവനുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ആ രക്ഷനല്കുന്നവന്റെ ഒരു വിശേഷണനാമം മുഅ്മിൻ എന്നാകുന്നു. 'സിബ്ഗതല്ലാഹ്' അല്ലാഹുവിന്റെ നിറത്തിൽ വിഭൂഷിതനാകുക എന്ന കല്പനയനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുന്നവനായിരിക്കും ഈ നാമത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നത്. ഇതിൽനിന്ന് അകന്നുകൊണ്ട് രക്ഷയ്ക്കായി ചെയ്യുന്ന എല്ലാ ശ്രമവും പാഴായിപ്പോകുന്നതാണ്. അങ്ങനെ വരുമ്പോൾ ഓരോ ശ്രമത്തിന്റേയും അന്തിമഫലം സ്വാർത്ഥതാപരമായിരിക്കും. അല്ലാതെ സാമൂഹികമായ സംരക്ഷണമായിരിക്കുകയില്ല. പരിപൂർണ്ണമായ വിശ്വാസിക്കു മാത്രമേ ഈ സംരക്ഷണം കൊണ്ടുവരാൻ സാധിക്കുകയുള്ളു. അല്ലാഹുവിലുള്ള തികഞ്ഞ വിശ്വാസമുണ്ടാകുന്നത്, അവൻ പറഞ്ഞതുപോലെ അവന്റെ എല്ലാ നബിമാരിലും വിശ്വസിക്കുമ്പോഴാണ്.

നബി(സ) തിരുമേനി ഖാത്തമുൽഅമ്പിയ ആകുന്നു. ആ മഹാത്മാവിനെ വിശ്വസിക്കുകയെന്നതാണ് ഒരു മുഅ്മിനെ പൂർണ്ണവിശ്വാസിയാക്കിത്തീർക്കുന്നത്. ആ മഹാത്മാവ് മുഖേനയാണ് അല്ലാഹു എല്ലാ നബിമാരേയും വിശ്വസിക്കണമെന്ന കല്പന നല്കിയത്. ഒരു മുസ്ലിമിന് അത് ബാധ്യതയാക്കുകയും ചെയ്തു. ദീർഘമായൊരു അന്ധകാര കാലഘട്ടത്തിനുശേഷം തന്റെ മസീഹും മഹ്ദിയും നിയോഗിതനാകുമ്പോൾ മുസ്ലിംകൾ അദ്ദേഹത്തെ സ്വീകരിക്കണമെന്നും നബി(സ) പറഞ്ഞു. അദ്ദേഹത്തിന് ബയ്അത്ത് ചെയ്യണമെന്നും നിർദ്ദേശിച്ചു. ഇതും നിങ്ങൾക്ക് നിർബന്ധകാര്യമാണെന്ന് പറയുകയും ചെയ്തു. അദ്ദേഹം നീതിമാനായ വിധികർത്താവുമായിരിക്കുന്നതുകൊണ്ട്, വിശുദ്ധ ഖുർആന്റെ ജ്ഞാനങ്ങൾക്കും കല്പനകൾക്കും അദ്ദേഹം കൊടുക്കുന്ന വിശദീകരണം അംഗീകരിക്കേണ്ടതും അതിൽ വിശ്വസിക്കേണ്ടതും ഓരോ മുസ്ലിമിനും നിർബന്ധമാണ്. മുസ്ലിംകളേയും അമുസ്ലിംകളേയും ഒരു കൈയിൽ ഒരുമിച്ചുകൂട്ടുന്നതും ഒരേയൊരു സമുദായമാക്കിത്തീർക്കുന്നതും അദ്ദേഹമായിരിക്കുമെന്ന് നബി(സ) പറഞ്ഞു. അതിനാൽ, നബി(സ) തിരുമേനിയുടെ ഈ നിർദ്ദേശമനുസരിച്ച് അല്ലാഹുവിന്റെ മുഅ്മിൻ എന്ന വിശേഷഗുണത്തിൽനിന്ന് യഥാർത്ഥ അനുഗ്രഹം പ്രാപിക്കുന്നവരും വിശ്വാസത്തിൽ പുരോഗതി നേടുന്നവരും സുരക്ഷിതമായിക്കഴിയുന്നവരും സംരക്ഷണം സ്ഥാപിക്കുന്നവരും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ ചേരുന്നവർ മാത്രമാണ്. അങ്ങനെയാണ് വേണ്ടതും.

ഓരോ അഹ്മദിയും ഈ സുപ്രധാന കാര്യത്തെ എപ്പോഴും തങ്ങളുടെ ചുമതലയായി മനസ്സിലാക്കേണ്ടതാണ്. വിശ്വാസം നാവുകൊണ്ട് പറഞ്ഞാൽ മാത്രം പോരാ. അല്ലാഹുവിന്റെ മുഅ്മിൻ എന്ന സവിശേഷഗുണത്തിൽനിന്ന് യഥാർത്ഥനിലയിൽ പ്രതിഫലം പറ്റുന്നവരായിത്തീരുന്നത്, വിശ്വാസത്തിൽ വളരുകയും അതിൽ പുരോഗതി നേടുകയും ചെയ്യുന്നതിലൂടെയാണ്. അല്ലാഹു പറഞ്ഞതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ എല്ലാ നബിമാരേയും വിശ്വസിക്കുക എന്ന അല്ലാഹുവിന്റെ കല്പനയുടെ ഒരു ഭാഗം അംഗീകരിച്ചു എന്നത് ശരി. പക്ഷേ നബി(സ) മുഖേന നമുക്കു കിട്ടിയതും ആ മഹാത്മാവിന്റെ

സത്യസന്ധനായ ദാസൻ പറയുന്നതനുസരിച്ച് പ്രവർത്തിക്കാൻ നബി(സ)തന്നെ നമ്മെ ഉപദേശിച്ചതുമായ കാര്യങ്ങൾ ചെയ്യാതെ നാം നമ്മുടെ വിശ്വാസത്തെ ബലഹീനമാക്കുകയായിരിക്കും ചെയ്യുന്നത്.

അല്ലാഹു ഓരോ അഹ്മദിയുടേയും വിശ്വാസത്തെ ശക്തിപ്പെടുത്തുമാറാകട്ടെ. വിശ്വാസത്തെ പ്രബലപ്പെടുത്താൻ അവർക്ക് തൗഫീഖ് നല്കുമാറാകട്ടെ. അവരിലും അവരുടെ സമൂഹത്തിലും അല്ലാഹുവിന്റെ മുഅ്മിൻ എന്ന സവിശേഷഗുണമനുസരിച്ച് യഥാർത്ഥത്തിൽ പെരുമാറുന്നവരായി കാണുമാറാകട്ടെ.

നിഘണ്ടുകർത്താക്കളും ഖുർആൻ വ്യാഖ്യാതാക്കളും 'മുഅ്മിൻ' എന്നതിനു കൊടുത്തിട്ടുള്ള വിശാലമായ അർത്ഥത്തെക്കുറിച്ചാണ് ഇനി ഞാൻ പറയുന്നത്. ലിസാനുൽ അറബ് എന്ന നിഘണ്ടുവിൽ പറയുന്നതനുസരിച്ച് അല്ലാഹുവിന്റെ സിഫത്തായ 'അൽമുഅ്മിൻ' എന്നതിന് കൊടുത്തിരിക്കുന്ന ഒരർത്ഥം 'തന്റെ സൃഷ്ടികളോട്, അക്രമം ചെയ്യാതെ അവർക്ക് സംരക്ഷണം നല്കിയവനാണ് 'മുഅ്മിൻ' എന്നാണ്. ചിലർ 'തന്റെ മിത്രങ്ങളെ തന്റെ ശിക്ഷയിൽനിന്ന് സുരക്ഷിതമാക്കിവെച്ചവനാണ് മുഅ്മിൻ എന്നും അർത്ഥം പറഞ്ഞിട്ടുണ്ട്.

വ്യാപ്തിയുടെ അടിസ്ഥാനത്തിൽ ആദ്യം പറഞ്ഞ അർത്ഥം കൂടുതൽ വിശാലമാണ്. അല്ലാഹുവിന്റെ കാരുണ്യം എല്ലാ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു. അതുകൊണ്ട് അക്രമം ചെയ്യുന്ന പ്രശ്നം ഉദിക്കുന്നില്ല. അല്ലാഹുവിന്റെ ഔലിയാക്കൾക്ക് എന്തു ശിക്ഷ കിട്ടാനാണ്? അവർ സ്വയം സുരക്ഷിതരാണ്. അല്ലാഹുവിന്റെ ഔലിയാക്കൾക്ക് വിഷമങ്ങൾ ഉണ്ടാകാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് അത് അവർക്കുണ്ടാകുന്ന ഒരു പരീക്ഷണമാണെന്നാണ്. അതിലൂടെ അവർ കടന്നുപോകുന്നു. പരാതിക്കൊന്നുംപോകാതെ അല്ലാഹുവിന്റെ സഹായവും ദുആയും കൊണ്ട് അവർ അതിനെ തരണം ചെയ്യുന്നു.

അബുൽ അബ്ബാസ് പറയുന്നു: അറബികളുടെ ദൃഷ്ടിയിൽ 'അൽമുഅ്മിൻ' എന്നത് അൽഅമാൻ, അൽമുസദ്ദിഖ് എന്നാകുന്നു. ഇതിന്റെ ഉദ്ദേശ്യം ഖിയാമത്തുന്നാൾ അല്ലാഹു ഉമ്മത്തുകളോട് റസൂൽമാർ ചെയ്ത തബ്‌ലീഗിനെക്കുറിച്ച് ചോദിക്കുമ്പോൾ, അവർ ഏതെങ്കിലും റസൂലിനെ നിഷേധിക്കുകയും തങ്ങളുടെ നബിമാരെ കള്ളന്മാരാക്കുകയും ചെയ്യും. പിന്നീട് മുഹമ്മദിയ്യാ ഉമ്മത്ത് കൊണ്ടുവരപ്പെടും. അവരോട് ഇതുതന്നെ ചോദിക്കും. അപ്പോൾ അവർ കഴിഞ്ഞുകടന്ന നബിമാരെയെല്ലാം സാക്ഷ്യപ്പെടുത്തും. അങ്ങനെ അല്ലാഹു അവരേയും സാക്ഷ്യപ്പെടുത്തും. ഈ അർത്ഥത്തിലാണ് അല്ലാഹുവിനെ അൽമുസ്വദ്ദിഖ് എന്നു പറഞ്ഞിരിക്കുന്നത്. ഇപ്രകാരംതന്നെ മുഹമ്മദ്(സ) തന്റെ ഉമ്മത്തിനെ സാക്ഷ്യപ്പെടുത്തും. ഈ വിഷയമാണ് ***ഫ കയ്ഫ ഇദാ ജിഅ്നാ മിൻകുല്ലിഉമ്മത്തിൻ ബിശഹീദിൻ വ്വജിഅ്നാബിക്ക അലാ ഹാഉലാഇ ശഹീദാ*** എന്ന വിശുദ്ധവചനത്തിൽ പറഞ്ഞിട്ടുള്ളത്. നാം ഓരോ സമുദായത്തിൽനിന്ന് ഓരോ സാക്ഷിയെ കൊണ്ടുവരികയും ഇവർക്ക് സാക്ഷിയായി നാം നിന്നെ കൊണ്ടുവരികയും ചെയ്യുമ്പോൾ എന്തായിരിക്കും അവസ്ഥ (4:42).

നബി(സ) തിരുമേനിയെക്കുറിച്ച് വിശുദ്ധഖുർആനിൽ ***വ യുഅ്മിനുൽമുഅമിനീൻ*** എന്നു പറഞ്ഞതിന്റെ അർത്ഥം അദ്ദേഹം സത്യവിശ്വാസികളെ സാക്ഷ്യപ്പെടുത്തുന്നു എന്നാണ്. ചിലർ പറഞ്ഞത് അല്ലാഹുവിന്റെ സിഫത്തായ അൽമുഅ്മിൻ എന്നതിന്റെ അർത്ഥം, തന്റെ ദാസരോടു ചെയ്ത വാഗ്ദാനം പൂർത്തിയാക്കി കാണിച്ചവൻ എന്നാണ്.

ഞാൻ ആരംഭത്തിൽ പറഞ്ഞിരുന്നതുപോലെ, മുഅ്മിൻ എന്നാൽ തികഞ്ഞ വിശ്വാസമുള്ളവൻ എന്നാണ് അർത്ഥം. എല്ലാ നബിമാരിലും വിശ്വസിക്കുന്നവൻ. എല്ലാ നബിമാരിലും വിശ്വസിക്കണമെന്ന നിർദ്ദേശം നബി(സ) തിരുമേനി മുഖേന അല്ലാഹു നമുക്ക് നല്കിയതാണ്. അബുൽ അബ്ബാസിന്റെ ഉദ്ധരണി അത് കൂടുതൽ വ്യക്തമാക്കിയിരിക്കുന്നു. പക്ഷേ, ഞാൻ പറഞ്ഞതുപോലെ എല്ലാ നബിമാരേയും സാക്ഷ്യപ്പെടുത്തുകയും വിശ്വസിക്കുകയും ചെയ്യുന്ന ഒരഹ്മദിയാണ് യഥാർത്ഥ മുഅ്മിൻ. ആദ്യനബിമാരുടെമേലും പിന്നീട് വരുന്ന നബിമാരുടെമേലും നബി(സ) തിരുമേനിയെ സാക്ഷിയാക്കിയിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പ്രതാപവാനായ അല്ലാഹു മുസ്‌ലിം ഉമ്മത്തിലെ ജനങ്ങൾക്കായി നമ്മുടെ നബി(സ)യെ സാക്ഷിയാക്കിയിരിക്കുന്നു. അല്ലാഹു പറഞ്ഞു: ***ഇന്നാ അർസൽനാ ഇലയ്ക്കും റസൂലൻ ശാഹിദൻ അലയ്ക്കും*** (73:16). വീണ്ടും പറഞ്ഞു: ***വജിഅ്നാബിക്ക അലാ ഹാഉലാഇ ശഹീദാ*** (4:42). നബി(സ) വെറും 23 വർഷമേ തന്റെ ഉമ്മത്തിലുണ്ടായിരുന്നുള്ളൂ എന്നത് എല്ലാവർക്കുമറിയാം. അപ്പോൾ, ആ മഹാത്മാവ് എന്നെന്നേക്കും തന്റെ ഉമ്മത്തിന് സാക്ഷിയാവുന്നതെങ്ങനെ എന്ന ചോദ്യം ഉണ്ടാകാം. ഇതിനുള്ള മറുപടി പ്രാതിനിധ്യം എന്ന നിലയിൽ, അതായത്, മൂസാ(അ)യെപ്പോലെ അല്ലാഹുതആല നബി(സ)യ്ക്കും ഖിയാമത്തുന്നാൾവരെ ഖലീഫയെ നിശ്ചയിച്ചിരിക്കുന്നു എന്നതാണ്. ഖലീഫമാരുടെ സാക്ഷ്യം നബി(സ) തിരുമേനിയുടെ സാക്ഷ്യം പോലെതന്നെ

യാണ്. ചുരുക്കിപ്പറഞ്ഞാൽ, ഖുർആൻകൊണ്ട് തെളിയുന്നതും സകല മുസ്ലിംകളും സമ്മതിക്കുന്നതുമായ എന്നെന്നേക്കുമുള്ള സാക്ഷ്യത്തിന്റെ വിശ്വാസം സ്ഥാപിതമാകുന്നത്, ശാശ്വതമായി നിലകൊള്ളുന്ന ഖിലാഫത്തിനെ സ്വീകരിക്കുമ്പോഴാണ്. അഹ്മദികളായ നമ്മൾ ഈ വിശ്വാസത്തിൽ നിലകൊള്ളുന്നു. ഒന്നാമതായി നമ്മൾ പരലോകത്തെ സാക്ഷ്യപ്പെടുത്തി. അത് അദൃശ്യകാര്യങ്ങളിൽ വിശ്വസിച്ചുകൊണ്ട് ഉണ്ടാകേണ്ടതാണ്. രണ്ടാമത്തേത്, നബി (സ)നു ശേഷമുള്ള കാലഘട്ടത്തെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഖാത്തമുൽഖുലഫയായിട്ട് വന്നയാളെ വിശ്വസിച്ചു. ഇതൊരു മുദ്രയാണ്. നബി (സ)ന്റെ ആ മുദ്ര തികഞ്ഞ വിശ്വാസികളുടെമേൽ പതിയുന്നതാണ്. ആദ്യം വന്നവരേയും ശേഷം വന്നവരേയും വിശ്വസിച്ചു എന്ന ബഹുമതിയോടുകൂടിയായിരിക്കും അഹ്മദികളെ സാക്ഷ്യപ്പെടുത്തുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നബി(സ) തിരുമേനിയുടെയടുക്കൽ ഒരാൾ വന്നു. അദ്ദേഹം എന്തൊക്കെയോ കുറേ കാര്യങ്ങൾ പറഞ്ഞു. നബി(സ) പറഞ്ഞു: മതിയാക്കൂ, ഇപ്പോൾ ഞാൻ എന്റെ ഉമ്മത്തിനെക്കുറിച്ച് സാക്ഷ്യം പറയാൻ അർഹനായിത്തീർന്നിരിക്കുന്നു. എന്റെ ഉമ്മത്തിന് എന്റെ സാക്ഷ്യം കാരണത്താൽ ശിക്ഷ കിട്ടുമോ എന്ന് ഞാൻ ശങ്കിക്കുന്നു. സാക്ഷി പറയുന്നതുകൊണ്ട് എന്തിനാണ് ശിക്ഷ ലഭിക്കുന്നത്? നബി(സ)യെ വിശ്വസിച്ചു എന്ന് പറഞ്ഞതിനുശേഷം ഏറ്റവും വലിയ സാക്ഷിയെ, സത്യസന്ധമായി നബി(സ)യെ സ്നേഹിക്കുന്നയാളെ അവർ വിശ്വസിച്ചില്ല. നബി (സ)യുടെ ഈ സാക്ഷ്യം മുൻകഴിഞ്ഞുകടന്നവർക്കും അവസാനം വരുന്നവർക്കുമുള്ളതാണ്.

പിന്നീട് പറഞ്ഞു അല്ലാഹുവിന്റെ സിഫത്തെ മുഅ്മിൻ എന്നതിന്റെ അർത്ഥം, സത്യവശ്വാസികളോടു ചെയ്ത വാഗ്ദാനം പൂർത്തിയാക്കി കാണിക്കുന്നവൻ എന്നാണ്. ഈ വാഗ്ദാനവും ഇന്ന് ആ ഖിലാഫത്തിനെ അംഗീകരിക്കുന്നതുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിൽ അല്ലാഹു പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. മറ്റു മുസ്ലിം കക്ഷിൾക്ക് 'ദീനിനെ പ്രബലപ്പെടുത്തിക്കൊടുക്കും' എന്ന വാഗ്ദാനം ലഭിക്കുന്നുണ്ടോ? വായകൊണ്ട് എന്തും പറയുന്നുണ്ടാകും. അതു പറഞ്ഞോട്ടെ. പക്ഷേ, എന്താണ് അവസ്ഥയെന്ന് ഓരോരുത്തരുടേയും മുമ്പിലുണ്ട്. ഇമാം റാഗിബ്, തന്റെ നിഘണ്ടുവായ മുഫ്റദാത്ത് ഇമാം റാഗിബിൽ എഴുതുന്നു. 'അൽഅംനു' എന്നതിന്റെ യഥാർത്ഥ അർത്ഥം മനസ്സിന് ശാന്തി ലഭിക്കുകയും ഭയം ഇല്ലാതാകുകയും ചെയ്യുക എന്നാകുന്നു. വീണ്ടും എഴുതുന്നു. 'ആമിൻ' എന്നാൽ ശാന്തി പ്രാപിക്കുന്നവൻ എന്നാണ്. ചിലരുടെ പക്കൽ ഇതുകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്റെ കല്പനയനുസരിച്ച് ശാന്തി പ്രാപിക്കുന്നവൻ എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, '***വമൻ ദഖലഹു കാന ആമിനാ***' എന്നതിന്റെ അർത്ഥം ഹറമിൽ പ്രവേശിക്കുന്നവനോട് പ്രതിക്രിയ ചെയ്യുകയോ അവനെ കൊല്ലുകയോ ചെയ്യുകയില്ല; അവൻ ഹറമിന്റെ പരിധിയിൽനിന്ന് പുറത്തുകടക്കുന്നതുവരെ എന്നാണ്. ഈ വിഷയമാണ് ***അവലം യറൗ അന്നാ ജഅൽനാ ഹറമൻ ആമിനൻ*** (29:68) എന്ന വചനത്തിൽ പ്രതിപാദിച്ചിരിക്കുന്നതെന്ന് അദ്ദേഹം പറയുന്നു. സുരക്ഷിതമായൊരു പുണ്യകേന്ദ്രത്തെ നാമുണ്ടാക്കിയിരിക്കുന്നത് അവർ കാണുന്നില്ലേ? അല്ലാഹുവിൽനിന്നുള്ള തുറന്ന പ്രഖ്യാപനമാണിത്. കഅ്ബ ദേവാലയം അല്ലാഹുവിന്റെ വീടാണെന്നുള്ളതിന് തെളിവാണിത്. മുസ്ലിംകൾ വളരെ മോശമായ പരിതസ്ഥിതിയിലായെങ്കിലും ഇതിന്റെ വിശുദ്ധിയെ നിലനിറുത്താൻ അല്ലാഹു ഇവർക്ക് തൗഫീഖ് നല്കി. എന്നല്ല, യഥാർത്ഥത്തിൽ ഈ വിശുദ്ധി അല്ലാഹുതന്നെ നിലനിറുത്തിയിരിക്കുന്നു എന്നാണ് പറയേണ്ടത്. ഇസ്ലാമിനു മുമ്പേയും ഇതിന് വിശുദ്ധിയുണ്ടായിരുന്നു. അറബികളുടെ ജാഹിലിയ്യാ കാലഘട്ടത്തിലും ഇതിന് പുണ്യസ്ഥലം എന്ന ബഹുമതിയുണ്ടായിരുന്നു. ഇത് സമാധാനത്തിന്റെ ദൃഷ്ടാന്തമായി മനസ്സിലാക്കപ്പെട്ടിരുന്നു. ജാഹിലിയ്യാ കാലഘട്ടത്തിൽ ഇതിന്റെ പരിസരത്തൊന്നും സമാധാനം കിട്ടുമെന്ന ഒരുറപ്പുമുണ്ടായിരുന്നില്ല. അല്ലാഹുവിന്റെ വീടിനെ അവൻ തന്നെയാണ് കാത്തുപോന്നത്. വിശുദ്ധഖുർആനിൽ ***അസ്ഹാബുൽ ഫീലിൽ***നിന്ന് ഇതിനെ സംരക്ഷിച്ച സംഭവം പറയുന്നുണ്ട്. ആ സൈന്യത്തിന്റെ മുമ്പിൽ മക്കക്കാർക്ക് ഒരു നിലയുമുണ്ടായിരുന്നില്ല. പക്ഷേ, അല്ലാഹു അതിനെ സംരക്ഷിച്ചു. അങ്ങനെ ഈ സമാധാനത്തിന്റെ ഗേഹം തന്റെ വീടുതന്നെയെന്ന് ലോകത്തിന് അല്ലാഹു കാണിച്ചുകൊടുത്തു. ഇതിനെ ലോകത്തിന്റെ സമാധാനത്തിന്റെ അടയാളമെന്ന നിലയിൽ താൻ സൃഷ്ടിച്ചിരിക്കുകയാണെന്ന് അല്ലാഹു വെളിപ്പെടുത്തി. വക്രദൃഷ്ടിയോടെ ആര് അതിനെ നോക്കിയാലും അവന് സമാധാനത്തിന്റെ ഒരുറപ്പുമില്ല.

മറ്റൊരു വചനത്തെ ഇമാം റാഗിബ് ഉദാഹരണമായി പറയുന്നു.

وَاِذْ جَعَلْنَا الْبَيْتَ مَثَابَةً لِّلنَّاسِ وَاَمْنًا ؕ
وَاتَّخِذُوْا مِنْ مَّقَامِ اِبْرٰهٖمَ مُصَلًّى ؕ
وَعَهِدْنَآ اِلٰٓى اِبْرٰهٖمَ وَاِسْمٰعِيْلَ اَنْ طَهِّرَا
بَيْتِىَ لِلطَّآئِفِيْنَ وَالْعٰكِفِيْنَ وَالرُّكَّعِ
السُّجُوْدِ ﴿١٢٦﴾

നാം (നമ്മുടെ) വീടിനെ ജനങ്ങൾക്ക് സമ്മേളനകേന്ദ്രവും ഒരു സമാധാന സങ്കേതവുമാക്കിയപ്പോൾ. ഇബ്റാഹിമിന്റെ സ്ഥലങ്ങളിൽ നിന്ന് നമസ്കാരത്തിന്റെ സ്ഥലം സ്വീകരിക്കുക. പ്രദക്ഷിണം ചെയ്യുന്നവർക്കും ഭജനമിരിക്കുന്നവർക്കും നമിക്കുന്നവർക്കും സാഷ്ടാംഗം പ്രണമിക്കുന്നവർക്കുമായി എന്റെ മന്ദിരത്തെ നിങ്ങൾ ശുദ്ധമാക്കിവെക്കുകയെന്ന് ഇബ്റാഹീമിനും ഇസ്മായീലിനും നാം ആജ്ഞ നല്കുകയും ചെയ്തു (2:126).

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) 'അംനാ' എന്ന പദത്തെ വിശദീകരിച്ചുകൊണ്ട് പറയുന്നു: '***വ ഇദ് ജഅൽനൽബയ്ത്ത മഥാബത്തൻല്ലിന്നാസി വ അംനാ.***' അംനാ- ഇത് സമാധാന സ്ഥലമായിരിക്കും. മറ്റുള്ളവരിൽനിന്ന് എപ്പോഴും ഇതിനെ സുരക്ഷിതമാക്കിവെക്കുന്നതാണ്. രണ്ടാമത്തെ അർത്ഥം, ഈ സ്ഥലം ജനങ്ങൾക്ക് സമാധാനം നല്കുന്നതായിരിക്കും എന്നതാണ്. കാരണം യഥാർത്ഥ സമാധാനമുണ്ടാകുന്നത് മനശാന്തി മുഖേനയാണ്. അതുകൊണ്ട് അംനായുടെ മൂന്നാമത്തെ അർത്ഥം മനശാന്തി നല്കുന്നത് എന്നാകുന്നു. 'അമൻ'നെക്കുറിച്ച് പറഞ്ഞതിനുശേഷം ഈ വചനത്തിൽ '***മഖാമി ഇബ്റാഹീമ മുസല്ലാ***' എന്നു പറഞ്ഞിരിക്കുന്നു. അല്ലയോ മുസ്ലിംകളേ, നിങ്ങൾക്കുള്ള സമാധാനത്തിന്റെ ഉറപ്പ് ഇതിലുണ്ട്. ഇബ്റാഹീമി ത്യാഗത്തിലും ആരാധനകളിലും ഇതിന്റെ ശാന്തിയും മറഞ്ഞിരിക്കുന്നുമുണ്ട്. അതനുസരിച്ച് പ്രവർത്തിച്ചുകൊണ്ടുമാത്രമേ നിങ്ങൾക്ക് ശാന്തി കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ."

ഇതിന് വിശദീകരണം നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങൾ നിങ്ങളുടെ നമസ്കാരത്തിന്റെ സ്ഥലം ഇബ്റാഹീമിന്റെ പാദം പതിഞ്ഞ സ്ഥാനത്ത് ഉണ്ടാക്കുക. അതായത്, മോക്ഷം പ്രാപിക്കുന്നതിന് പൂർണ്ണമായും പിൻപറ്റുക. പിന്നീട് പറഞ്ഞു. ഇപ്പോൾ നിയോഗിതനായിരിക്കുന്ന ഹേ, ഇബ്റാഹീം നീ നിന്റെ ആരാധനകളേയും വിശ്വാസങ്ങളേയും അദ്ദേഹത്തിന്റെ രീതിയിൽ അനുഷ്ഠിക്കുക. നീ നിന്റെ ഓരോ കാര്യവും അദ്ദേഹത്തിന്റെ മാതൃകയിൽ ചെയ്യുക. വീണ്ടും പറഞ്ഞു. '***വത്തഖിദുമിൻമ്മഖാമി ഇബ്റാഹീമ മുസല്ലാ***' എന്ന വചനം സൂചിപ്പിക്കുന്നത് ഉമ്മത്തെ മുഹമ്മദിയ്യാ പല കക്ഷികളായി പിരിയുമ്പോൾ അവസാന കാലത്ത് ഒരു ഇബ്റാഹീം ജനിക്കുമെന്നാണ്. ആ കക്ഷികളിൽ മോക്ഷം പ്രാപിക്കുന്ന കക്ഷി ഈ ഇബ്റാഹീമിന്റെ അനുയായികളായിരിക്കും. ഈ സമാധാനത്തിന്റെ ഉറപ്പ് അല്ലാഹു ഇക്കാലഘട്ടത്തിൽ നല്കുന്നത് നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയെ പിൻപറ്റുന്നവർക്ക് മാത്രമാണ്. അതുകൊണ്ട് അഹ്മദികൾ ഈ സമാധാനഗേഹത്തേയും എപ്പോഴും തങ്ങളുടെ ദുആയിൽ ഓർക്കേണ്ടതാണ്. സമാധാനത്തിന്റെ അടയാളമായ ആദ്യത്തെ ദൈവഭവനമാണിത്. അഹ്മദികൾക്ക് ഇവിടെ പ്രവേശിക്കാൻ ഇന്ന് അനുവാദമില്ല. അഹ്മദികൾ പ്രവേശിച്ചാൽതന്നെയും സമാധാനത്തിന് ഒരു ഉറപ്പുമില്ല. അഹ്മദികളാണെങ്കിൽ ആ വീട്ടിൽ പ്രവേശിക്കാൻ ഏറ്റവും കൂടുതൽ അർഹതയുള്ള ഇബ്റാഹീമിന്റെ അനുയായികളുമാണ്.

മുഹമ്മദീ മസീഹിനേയും ഇക്കാലത്തെ ഇബ്റാഹീമിനേയും വിശ്വസിക്കുന്ന അഹ്മദികൾക്ക് ശാന്തിയോടും സമാധാനത്തോടുംകൂടി ഈ സമാധാനഗേഹത്തിൽ പ്രവേശിക്കാൻ കഴിയുന്നതിന് അല്ലാഹു സൗകര്യമൊരുക്കിത്തരുമാറാകട്ടെ. ആ സമയം വരുമ്പോൾ (ഇൻശാഅല്ലാഹ് തീർച്ചയായും ആ സമയം വരുന്നതാണ്) ഈ വീടിന്റെ യഥാർത്ഥ അനന്തരാവകാശി അതിനോളം എത്തിയെന്ന് ലോകർ കാണുകയും സമ്മതിക്കുകയും ചെയ്യും. ഇപ്പോൾ ഇതിന്റെ ലക്ഷണങ്ങളെല്ലാം ലോകത്ത് പ്രകടമായിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ചിത്രം ഇമാം റാഗിബ്തന്നെ വരച്ചുകാണിക്കുന്നു:

ഇപ്രകാരംതന്നെ നുസൂലെ മസീഹിന്റെ ഹദീഥിലും ഈ വാക്കുകളുണ്ട്. '***വ ബഖഉൽ അമാനത്തു ഫിൽ അർള്***' ഭൂമിയിൽ ശാന്തിയും സമാധാനവും മസീഹിന്റെ വരവോടെ സ്ഥാപിതമാകും. അതിനാൽ ഈ സമാധാനം മസീഹുമായി ബന്ധപ്പെട്ടിരിക്കുന്നു. ആ മസീഹ് വന്നുകഴിഞ്ഞിരിക്കുന്നു. അദ്ദേഹം യുദ്ധത്തിന്നെതിരെ ശബ്ദമുയർത്തി. അദ്ദേഹത്തിന്റെ ശബ്ദം കേട്ട് മുസ്ലിംകൾ കാര്യം മനസ്സിലാക്കാതെ വീണ്ടും പ്രതീക്ഷയിൽതന്നെ ഇരിക്കുകയാണെങ്കിൽ അതവരുടെ നിർഭാഗ്യതയാണ്. ഇനി മസീഹ് വന്നതിനുശേഷം അദ്ദേഹം എന്താണ് ചെയ്യേണ്ടതെന്നുള്ളതിനെക്കുറിച്ചാണ് പറയുന്നതെങ്കിൽ അവരുടെ ഇഷ്ടമനുസരിച്ച് വരുന്ന മസീഹ് എന്ത് സമാധാനം സ്ഥാപിക്കാനാണ്? അദ്ദേഹം ശക്തികൊണ്ട് കുരിശിനെ ഉടയ്ക്കണം. കൊല്ലും കൊലയും നടത്തണം. കൊല്ലും കൊലയും കൊണ്ട് ലോകസമാധാനം സ്ഥാപിതമാകുമോ?

ഇമാം റാഗിബ് പറയുന്നു: ആമൻ എന്ന പദം രണ്ടർത്ഥത്തിൽ പ്രയോഗിക്കാറുണ്ട്. ഒന്ന്, ആർക്കെങ്കിലും വേണ്ടി സംരക്ഷണം സൗകര്യപ്പെടുത്തിക്കൊടുക്കുക. ഈ അർത്ഥത്തിൽ അല്ലാഹുവിനെ മുഅ്മിൻ എന്നു പറയുന്നു. അതായത്, സംരക്ഷണം പ്രദാനം ചെയ്യുന്നവൻ. ആമൻ എന്നതിന്റെ രണ്ടാമത്തെ അർത്ഥം സംരക്ഷണത്തിൽ വന്നവൻ എന്നാണ്. അവന് ശാന്തി ലഭിച്ചു. '***അൽഇമാൻ***' എന്ന പദം ചിലപ്പോൾ നബി(സ) കൊണ്ടുവന്ന ശരീ

അത്തിനായി ഉപയോഗിക്കാറുണ്ട്. '***അല്ലദീന ആമനൂ വല്ലദീന ഹാദു വസ്സാബിഊൻ***' (5:70) എന്നു പറഞ്ഞതുപോലെ. മുഅ്മിൻ എന്ന പദം ഈ അർത്ഥത്തിൽ അല്ലാഹുവിനേയും നബി(സ) കൊണ്ടുവന്ന ശരീഅത്തിനേയും അംഗീകരിച്ചുകൊണ്ട് അതിന്റെ വൃത്തത്തിൽ പ്രവേശിക്കുന്ന ഓരോരുത്തർക്കും പറയുന്നതാണ്. ചിലപ്പോൾ 'ഇമാൻ' എന്ന പദം സ്തുതി എന്ന നിലയിലും ഉപയോഗിക്കാറുണ്ട്. അപ്പോൾ ഉദ്ദേശ്യം ഈമാൻ ആയിരിക്കും. സത്യത്തെ സാക്ഷ്യപ്പെടുത്തുന്ന നിലയിൽ ആത്മാവിനെ വിധേയമാക്കുക.

ഞാനോതിയ വചനത്തിൽവന്ന 'മുഅ്മിൻ' എന്ന പദത്തിന്നെഴുതിയ വ്യാഖ്യാനത്തിൽ റൂഹുൽ മആനിയിൽ 'തങ്ങളുടെ വാക്കുകൾകൊണ്ടോ ദിവ്യാത്ഭുതം കാണിച്ചുകൊണ്ടോ തങ്ങളും തങ്ങളുടെ റസൂൽമാരും അല്ലാഹുവിൽനിന്നെത്തിച്ച സന്ദേശം ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നവർ' എന്നെഴുതിയിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വചനത്തിൽ വന്ന മുഅ്മിൻ എന്നതിന് വ്യാഖ്യാനം നല്കിക്കൊണ്ട് പറയുന്നു 'അല്ലാഹു സമാധാനം നല്കുന്നവനാണ്. താൻ പ്രകടിപ്പിക്കുന്ന അത്ഭുതങ്ങൾക്കും തന്റെ തൗഹീദിനും തെളിവുകൾ സ്ഥാപിക്കുന്നവനാണ്. ഇത് സൂചിപ്പിക്കുന്നത് സത്യവാനായ ദൈവത്തെ വിശ്വസിക്കുന്നവൻ ഒരു സദസ്സിലും നാണംകെടുകയില്ലെന്നാണ്. അല്ലാഹുവിന്റെ മുമ്പിലും നാണംകെടുകയില്ല. കാരണം അവന്റെ പക്കൽ പ്രബലമായ തെളിവുകളുണ്ടാകും. പക്ഷേ, പൊയ്ദൈവങ്ങളെ വിശ്വസിക്കുന്നവൻ വലിയ വിപത്തിലാണുള്ളത്. അവൻ തെളിവുകൾ സമർപ്പിക്കുന്നതിനു പകരം നിന്ദിതനാകാതിരിക്കാൻ ഓരോ നിരർത്ഥകാര്യങ്ങളും രഹസ്യമായി കടത്തിവിടും. ചെയ്തുകഴിഞ്ഞ തെറ്റുകളെ മറച്ചുവെക്കാനും ശ്രമിക്കും.

അല്ലാഹു സംരക്ഷണം നല്കുന്നവനാണ്. അവനിലുള്ള ദൃഢവിശ്വാസം ഓരോ എതിരാളിയേയും നേരിടാനുള്ള കരുത്ത് നല്കുന്നു.

റൂഹുൽ മആനിയിൽ 'മുഅ്മിൻ' എന്ന പദത്തെ കൂടുതൽ വിശദീകരിച്ചുകൊണ്ട് പറയുന്നു: അൽമുഅ്മിൻ എന്നതിന്റെ അർത്ഥം തന്റെ ദാസന് സംഭ്രമജനകമായ നാളിൽ അതായത് ഖിയാമത്തുന്നാളിൽ സമാധാനം നല്കുന്നവൻ. ഈ ഏറ്റവും വലിയ പരിഭ്രമത്തിൽനിന്ന് തന്റെ ദാസന്റെ മനസ്സിൽ ശാന്തത ഉണ്ടാകുംവിധം രക്ഷ നൽകുന്നവൻ. അല്ലെങ്കിൽ അവനെ വിവരം അറിയിച്ചുകൊണ്ട് സമാധാനിപ്പിക്കുന്നവൻ. ഇതുമുഖേന ആ മനുഷ്യന് ഒരു ഭയവുമുണ്ടാകുകയില്ല. സാലിക് പറഞ്ഞു: അൽ മുഅ്മിൻ എന്നതിന്റെ അർത്ഥം 'മുസ്വദ്ദിഖ്' എന്നാണ്. 'വിശ്വസിക്കുന്നവർ' എന്ന സത്യവിശ്വാസികളുടെ വാദത്തെ അല്ലാഹു സാക്ഷ്യപ്പെടുത്തുന്നവനാണ്. ചിലർ അൽമുഅ്മിന് അർത്ഥം പറഞ്ഞിട്ടുള്ളത് ഒരു തരത്തിലുള്ള നാശവും ബാധിക്കാതെ നിലകൊള്ളുന്നവൻ എന്നാണ്. അല്ലാഹുവിനുവേണ്ടി മുഅ്മിൻ എന്ന പദം ഉപയോഗിക്കുമ്പോൾ വരുന്ന അർത്ഥങ്ങളാണിത്. അല്ലാഹു സമാധാനം നല്കുന്നവനാണ്. സമാധാനത്തിൽ സുരക്ഷിതമാക്കിവെക്കുന്നവനാണ്. വിശ്വാസത്തെ പ്രബലപ്പെടുത്തുന്നവനുമാണ്. അതുകൊണ്ട് ഓരോ അഹ്മദിയും അല്ലാഹുവിന്റെ എല്ലാ വിശേഷഗുണങ്ങളിലും പൂർണ്ണവിശ്വാസത്തോടുകൂടി പ്രവർത്തിക്കുന്നവരായിത്തീരാൻ ശ്രമിക്കേണ്ടതാണ്.

പള്ളികളും അല്ലാഹുവിന്റെ വീടാണ്. അത് ആരാധനയ്ക്കായിട്ടാണ് നിർമ്മിക്കുന്നത്. ഇവിടെ നിന്നും സമാധാനത്തിന്റെ സന്ദേശം ജനങ്ങൾക്ക് എത്തുന്നു, എത്തേണ്ടതുമാണ്. പള്ളികളുടെ യഥാർത്ഥ ആത്മാവ് എന്നു പറയുന്നത് ഞാനിപ്പറഞ്ഞതാണ്. എന്നാൽ, നിങ്ങൾ നോക്കുക! മുഹമ്മദീ മസീഹിനെ വിശ്വസിക്കാത്തവർ എങ്ങനെയാണ് പള്ളികളെ ഉപയോഗിക്കുന്നത്? കഴിഞ്ഞ കുറേദിവസങ്ങളായി പാക്കിസ്ഥാനിലെ സമാധാനം നശിച്ചുകൊണ്ടിരിക്കുകയാണ്. എന്താണതിന് കാരണം? ബാഹ്യത്തിൽ നോക്കിയാൽ പള്ളികൾ തന്നെ. പക്ഷേ, ഉള്ളിൽ ഭീകരവാദികളുടെ താവളമാണ്. ഭരണകൂടത്തിന്നെതിരെ അവരെഴുന്നേറ്റുനില്ക്കുന്നു. ഇപ്പോൾ ഒരു യുദ്ധത്തിന്റെ പ്രതീതിയാണുള്ളത്. റബ്വയിൽ ഭരണകൂടത്തിന്നുള്ളിൽ വേറൊരു ഭരണകൂടമുണ്ടാക്കിയിരിക്കുന്നു എന്നാണ് അഹ്മദികളുടെ മേൽ ഇവർ ഉന്നയിച്ചിരുന്ന ആക്ഷേപം. ഇപ്പോൾ ലാൽ മസ്ജിദും ജാമിയ അഫ്സ തുടങ്ങിയവയുമെല്ലാം ഭണാധിപത്യം സ്ഥാപിച്ചുകൊണ്ട് ഭരണത്തിനുള്ളിൽ ഭരണം നടത്തുകയാണെന്ന് സ്വയം വിളിച്ചുകൂവുന്നു. ഇതൊരിക്കലും ഭരണകർത്താക്കൾക്ക് സഹിക്കാൻ കഴിയുന്നില്ല. അല്ലാഹു അവരുടെ വായിൽനിന്നുതന്നെ ഈവക കാര്യങ്ങൾ പുറത്തുകൊണ്ടുവരികയാണ്. ഇവരാണോ സമാധാനം സ്ഥാപിക്കുന്നവർ? ഇവരുടെ ഈമാനിനെ അല്ലാഹു സത്യപ്പെടുത്തുമോ? ഇവരൊരിക്കലും മുകളിൽ പ്രതിപാദിച്ചുവന്ന ആ സംഘത്തിൽ പെടുകയില്ല. തങ്ങളുടെ ആത്മാവിനെ സത്യത്തിന് വിധേയരാക്കുന്നവരുടെ ഈമാനിനെയാണ് അല്ലാഹു സാക്ഷ്യപ്പെടുത്തുന്നത്. ഇവരുടെ വാദം ശരിയാകാം. പക്ഷേ, പ്രവൃത്തി എന്താണ്? ഭരണകൂടവുമായി അവർ ഏറ്റുമുട്ടുന്നു. ഇത് വ്യക്തമായ രാജ്യദ്രോഹമാണ്. അല്ലാഹുവിന്റെ കല്പനയെ നിഷേധിക്കലാണ്. പക്ഷേ, ഇവർ തങ്ങളെ സത്യത്തിലാണെന്ന് മനസ്സിലാക്കുന്നുവെങ്കിൽ സർക്കാർ നടപടിയെടുത്തപ്പോൾ തങ്ങളുടെ കടമ മറന്നുപോയതെന്തേ? പിന്നീട് സ്ത്രീകളുമായി

ചേർന്നുകൊണ്ട് ബുർഖ ധരിച്ച് പുറത്തുചാടിയതെന്തിന്? ഇതാണ് ഇവരുടെ ധർമ്മം. ഇതാണോ ഈമാനിന്റെ ദൃഢത? ഈമാൻ കാണണമെങ്കിൽ ഇന്ന് അഹ്മദികളിൽ നോക്കുക. അവർ കലിമ തങ്ങളുടെ നെഞ്ചിലേറ്റിയവരാണ്. അവരുടെ നെഞ്ചിൽനിന്ന് അത് പറിച്ചെടുക്കാൻ അവരാരേയും അനുവദിച്ചില്ല. അങ്ങനെ അവർ തങ്ങളെക്കൊണ്ട് ജയിലുകൾ നിറയ്ക്കാൻ തുടങ്ങി. പുരുഷന്മാരും സ്ത്രീകളും കുട്ടികളും തങ്ങളുടെ ഈമാനുവേണ്ടി ജീവൻ കാണിക്കയായി സമർപ്പിച്ചു. കാരണം അല്ലാഹു ഈ ലോകത്ത് അവർക്ക് മനശാന്തി പ്രദാനം ചെയ്തിരിക്കുന്നു. തന്റെ വാഗ്ദാനമനുസരിച്ച് ഭയത്തെ സമാധാനത്തിലാക്കുന്ന ദൃശ്യങ്ങൾ അവർക്ക് കാണിച്ചുകൊടുത്തിരിക്കുന്നു. ഇക്കാര്യമാണ് അവരുടെ ഈമാനിന് ശക്തിപകരുന്നത്. ഈ ലോകത്ത് തന്റെ വാഗ്ദാനം പൂർത്തീകരിച്ചുകാണിച്ച അല്ലാഹു പരലോകത്തും തന്റെ വാഗ്ദാനം പൂർത്തിയാക്കുമെന്ന് അവർക്ക് വ്യക്തമായും അറിയാം.

അതിനാൽ അഹ്മദികൾ തങ്ങളുടെ ഈമാനിൽ ഉറച്ചുനിന്നുകൊണ്ട്, ഏതൊരുദ്ദേശ്യത്തിനു വേണ്ടിയാണോ അല്ലാഹു നമ്മെ സൃഷ്ടിച്ചത് ആ ലക്ഷ്യം നേടാൻ ശ്രമിക്കേണ്ടതാണ്. അത് സമ്പാദിക്കാൻ നമുക്ക് അല്ലാഹു നബി(സ) മുഖേന ഉപദേശം നല്കിയിരിക്കുന്നു. അത് കൈവരിക്കാൻ വേണ്ടിയാണ് നാം ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിച്ചിട്ടുള്ളത്. ഓരോ അഹ്മദിയും ആ ഉപദേശമനുസരിച്ച് പൂർണ്ണമായ നിലയിൽ പ്രവർത്തിക്കുന്നവരായിത്തീരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.


| | |
|---|---|
| Khuthba<br>Hadhrat Mirza Masroor Ahmad<br>Khalifathul Masih V<br>on 6.7.2007 at Baithulfutuh, London | *Translated by: Muhammad Ismail, Alleppey*<br>Mob: 94466 56123 Resi.: 0497 3294865<br>Page Layout & Typeset: BRB, Kannur<br>Published by:  Majlis Khuddamul Ahmadiyya, Kerala |